LIBRARY ARCHIVES Kerala Legislative Assembly

കടുത്ത രോഗം ബാധിച്ചവർക്ക് പലിശയില്ലാ വായ്പ നൽകുന്ന പദ്ധതി

159 [2286] ശ്രീ. കെ. മുഹമ്മദാലി:

,, വർക്കല കഹാർ:

,, എൻ. ശക്തൻ:

,, എം. പി. ഗംഗാധരൻ:

,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത രോഗം ബാധിച്ചവർക്ക് പലിശയില്ലാ വായ്പ നൽകുന്നതിന് സംസ്ഥാനത്തുള്ള ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്ക് പരിപാടിയുണ്ട്;

(ബി) എത്ര തുകവരെ പ്രസ്തുത പദ്ധതിപ്രകാരം വായ്പ നൽകും എന്നും എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഈ വായ്പ നൽകുന്നത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) എറണാകുളം, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കുകൾക്ക്.

(ബി) 1. എറണാകുളം ജില്ലാ സഹകരണബാങ്ക്:—പരമാവധി ഒരു ലക്ഷം രൂപ. കടുത്ത രോഗം ബാധിച്ചവർക്ക് വിദഗ്ദ്ധ ചികിത്സക്ക് മെഡിക്കൽ കോളേജ് ആശുപത്രിയിലോ വിദഗ്ദ്ധ ചികിത്സ ലഭിക്കുന്ന മറ്റ് ആശുപത്രികളിലോ ഡോക്ടർമാർ റഫർ ചെയ്യുന്ന കേസുകളിന്മേലാണ് ടി പലിശയില്ലാ വായ്പ അനുവദിക്കുന്നത്. ആയതിലേക്ക് ചികിത്സിച്ച ഡോക്ടറുടെ റഫർ ചെയ്തതും രോഗത്തെ സംബന്ധിച്ചതുമായ സർട്ടിഫിക്കറ്റ്, റഫർ ചെയ്യപ്പെട്ട ആശുപത്രികളിൽ ചികിത്സ ഏറ്റെടുത്തതിന്റെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ഏകദേശ ചെലവ് എന്നിവ ഹാജരാക്കണം.

2. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്:—പരമാവധി ഒരു ലക്ഷം രൂപ. ടി പദ്ധതി പ്രകാരം പലിശയില്ലാ വായ്പ രോഗികൾക്കോ, രോഗിയുടെ സമ്മതപത്രത്തോടുകൂടി അടുത്ത ബന്ധുക്കളായ അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മക്കൾ, സഹോദരങ്ങൾ എന്നിവർക്ക് അനുവദിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഹൃദയസംബന്ധമായ അസുഖം, ക്യാൻസർ, കിഡ്നി സംബന്ധമായ രോഗങ്ങൾ, ഗുരുതരമായ ശസ്ത്രക്രിയകൾ, വലിയ അപകടം മൂലമുണ്ടാകുന്ന ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സ, മാരകമായ കരൾ-മസ്തിഷ്ക്ക രോഗങ്ങൾ കൂടാതെ മറ്റ് ഗുരുതരമായ രോഗങ്ങൾക്കും പലിശയില്ലാ വായ്പ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.